LIBRARY ARCHIVES Kerala Legislative Assembly

## പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം

36 (5464) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പരിസ്ഥിതി ഡയറക്ടറേറ്റ് അതിന്റെ ചുമതലകളും അധികാരങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോ;

(സി) പരിസ്ഥിതി ഡയറക്ടറേറ്റിൽ സാങ്കേതിക/സാങ്കേതികയിതര വിഭാഗങ്ങളിൽ ആവശ്യമായ തസ്തികകളും ജീവനക്കാരുമുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി & ഡി) 18-12-2010-ൽ രൂപീകൃതമായ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ ആകെ 15 തസ്തികകളിലായി 19 ജീവനക്കാരെ അനുവദിച്ച് നൽകിയിട്ടുണ്ടായിരുന്നു. 01-4-2017-ലെ സ.ഉ. (കൈ)നമ്പർ 03/17/പരി. പ്രകാരം ഒരു എൻവയോൺമെന്റ് സയന്റിസ്റ്റ്, ഒരു എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു എൽ.ഡി. ക്ലാർക്ക് തസ്തിക നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ ആകെ 20 ജീവനക്കാരെയാണ് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിൽ അനുവദിച്ചിട്ടുള്ളത്.

സാങ്കേതിക വിഭാഗം തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഒരു എൻവയോൺമെന്റ് സയന്റിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിലും എൻവയോൺമെന്റ് ഓഫീസർ, അസിസ്റ്റന്റ് എൻവയോൺമെന്റ് ഓഫീസർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളും ജോലി ചെയ്യുന്നു. എൻവയോൺമെന്റൽ എഞ്ചിനീയർ, എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിൽ നിലവിൽ ആരും തന്നെയില്ല. ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്.

സാങ്കേതികയിതര തസ്തികകളിൽ ഹെഡ് അക്കൗണ്ടന്റ്, എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ആഫീസ് അറ്റൻഡന്റ്, ഡ്രൈവർ തസ്തികകളിൽ പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ച ജീവനക്കാർ ജോലി ചെയ്തുവരുന്നു.

**ഓൺലൈൻ പി.എസ്.സി. പരീക്ഷ**

37 (5465) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തസ്തികകളിൽ പി.എസ്.സി ഓൺലൈൻ പരീക്ഷ നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ തസ്തികകളിലേക്കുമുള്ള പരീക്ഷകൾ ഓൺലൈനാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15-5-2017 വരെ 476 തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷ നടന്നിട്ടുണ്ട്.

(ബി) നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലാകേന്ദ്രങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലായി രണ്ട് സെക്ഷനുകളായി 1600 പേർക്ക് പരീക്ഷ നടത്തുന്നതിനുള്ള സൗകര്യമാണുള്ളത്. 1600 വരെ അപേക്ഷകരുള്ള തസ്തികകളിൽ കമ്മീഷന്റെ തീരുമാനമനുസരിച്ച് നിലവിൽ ഓൺലൈൻ പരീക്ഷ നടത്തി വരുന്നു.

**പി.എസ്.സി. സ്റ്റാഫ് നഴ്സ് പരീക്ഷയുമായി ബന്ധപ്പെട്ട അന്വേഷണം**

38 (5466) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ പി. എസ്. സി. സ്റ്റാഫ് നഴ്സ് പരീക്ഷയിൽ ഒരു ഗൈഡിൽ നിന്നുള്ള ചോദ്യങ്ങൾ കൂട്ടത്തോടെ ഉൾപ്പെട്ടതിന്റെ പേരിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ 2016 ഏപ്രിൽ 29 -ന് നടന്ന ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് പരീക്ഷയിൽ 59 ചോദ്യങ്ങൾ കൂട്ടത്തോടെ ഗൈഡിൽനിന്ന് പകർത്തിയതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) 2015-ൽ നടന്ന പരീക്ഷയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly